**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - ബഹു.കേരള ഹൈക്കോടതിയിൽ ഡോ. ഇ.ശ്രീധരൻ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ **(PIL)** നമ്പർ. **30/2025** കേസിൻമേലുള്ള **25.04.2025** തീയതിയിലെ വിധിന്യായം പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത്(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.**960/2025/PWD** തീയതി,തിരുവനന്തപുരം, **29-06-2025**

---

പരാമർശം:-

1. റിട്ട് പെറ്റീഷൻ (സിവിൽ)നമ്പർ. **31375/2024** കേസിലെ **03.10.2024** ലെ ഹൈക്കോടതി വിധിന്യായം.
2. **11.03.2025** തീയതിയിലെ സ.ഉ.(സാധാ) നം.**354/2025/PWD**
3. ഡോ.ഇ.ശ്രീധരന്റെ **30.03.2025** തീയതിയിലെ നിവേദനം.
4. റിട്ട് പെറ്റീഷൻ **(PIL)** നമ്പർ. **30/2025** കേസിൻമേലുള്ള **25.04.2025** തീയതിയിലെ വിധിന്യായം
5. ആർ.ബി.ഡി.സി.കെ മാനേജിംഗ് ഡയറക്ടറുടെ **07.05.2025**& **27.06.2025** എന്നീ തീയതികളിലെ **RBDCK/T 42/Vol.III/1066** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള തവനൂർ - തിരുനാവായ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട റിട്ട് പെറ്റീഷൻ(സിവിൽ)നമ്പർ. **31375/2024** കേസിലെ **03.10.2024** തീയതിയിലെ ഹൈക്കോടതി വിധിന്യായം പാലിച്ചുകൊണ്ട് പരാമർശം **(2)** പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഡോ.ഇ.ശ്രീധരൻ പരാമർശം **(3)** പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടായിരുന്നു.

2) ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള തിരുനാവായ - തവനൂർ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഡോ.ഇ.ശ്രീധരൻ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ (PIL) നമ്പർ. 30/2025 കേസിൻമേലുള്ള 25.04.2025 തീയതിയിലെ വിധിന്യായപ്രകാരം പരാമർശം (3) പ്രകാരമുള്ള നിവേദനം പരിഗണിച്ച് തീരുമാനം കൈക്കൊള്ളുന്നതിനായി ഒന്നാം എതിർകക്ഷിയായ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയ്ക്ക് ബഹു.ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. വിധിന്യായത്തിന്റെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

'Having regard to the submissions advanced by the learned Government Pleader, the learned counsel appearing for the petitioner as well as the learned Standing Counsel for the respondents in this case, we deem it appropriate to direct the 1st respondent to consider and take decision on Ext.P14, as expeditiously as possible, at any rate, within a period of fourteen days from the date of receipt of a certified copy of this judgment'.

3) പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഡോ.ഇ.ശ്രീധരന്റെ നിവേദനത്തിലെ വസ്തുതകൾ വിശദമായി പരിശോധിച്ച് സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ആർ.ബി.ഡി.സി.കെ മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും പരാമർശം (5) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു . പ്രസ്തുത റിപ്പോർട്ട് പ്രകാരം ഡോ.ഇ.ശ്രീധരൻ രണ്ടാമത് പ്രൊപ്പോസ് ചെയ്ത അലൈൻമെന്റ് സ്വീകരിക്കുകയാണെങ്കിൽ 2.40 കോടി രൂപയുടെ അധിക സാമ്പത്തിക ബാധ്യത സർക്കാരിന് ഉണ്ടാകുമെന്നാണ് മുൻപ് കണക്കാക്കിയിരുന്നതെന്നും എന്നാൽ പുതിയ അലൈൻമെന്റ് പ്രകാരം ടെണ്ടർ ക്ഷണിക്കുന്നതിനായി റേറ്റ് റിവൈസ് ചെയ്യേണ്ടിവരുന്നതിനാലും, പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രാഥമിക പ്രവൃത്തികളായ സർവ്വേ, സോയിൽ ടെസ്റ്റ്, ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ വീണ്ടും ചെയ്യേണ്ടിവരുന്നതിനാലും, നിലവിൽ നിർവഹിച്ച പ്രവൃത്തികൾ

ഉപയോഗശൂന്യമാകുന്നതിനാലും, ഏറ്റെടുത്ത ഭൂമി ഉപയോഗശൂന്യമാകുന്നതിനാലും ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത മുൻപ് കണക്കാക്കിയതിലും കൂടുതലാകുമെന്നും ആർ.ബി.ഡി.സി.കെ മാനേജിംഗ് ഡയറക്ടർ വ്യക്തമാക്കിയിട്ടുണ്ട്. ഡോ.ഇ.ശ്രീധരൻ രണ്ടാമത് പ്രൊപ്പോസ് ചെയ്ത അലൈൻമെന്റുമായി ബന്ധപ്പെട്ട് സർക്കാറിന് ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതയുടെ ഏകദേശ രൂപം കണക്കാക്കിയത് പട്ടികയായി റിപ്പോർട്ടിനോടൊപ്പം ചേർത്തിട്ടുണ്ട്.

| | | |
|---|---|---|
| **a)** | **Additional cost of land acquisition 2020 rates (Current rate for a new acquisition may be much higher)** | **0.88 crores** |
| **b)** | **Additional cost of construction for 4m of additional length of bridge (without considering cost escalations)** | **0.20 crores** |
| **c)** | **Wastage owing to previous acquisition** | **1.32 crores** |
| **d)** | **Wastage owing to amounts spent by contractor for preliminary works (approximately 30% of 93 lakh)** | **0.28 crores** |
| **e)** | **If tendered anew, the possible change in construction cost approximate + 15% of previous tender value of 48.83 Crores)** | **7.32 crores** |
| **f)** | **Savings by way of construction of shorter approach road** | **- 0.34 crores** |
| | **Total Excess Cost (a+b+c+d+e-f)** | **9.66 crores** |

4) ഭാരതപ്പുഴയ്ക്ക് കുറുകെ തിരുനാവായ - തവനൂർ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ആർ.ബി.ഡി.സി.കെ മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡോ.ഇ.ശ്രീധരൻ നിർദ്ദേശിച്ച അലൈൻമെന്റ് സ്വീകരിക്കുന്നതിലൂടെ സർക്കാറിന് അധിക സാമ്പത്തിക ബാധ്യത

ഉണ്ടാകുമെന്നും, പ്രവൃത്തിയ്ക്ക് വീണ്ടും കാലതാമസം ഉണ്ടാകുമെന്നും ബോധ്യമായതിനാൽ ഭാരതപ്പുഴയ്ക്ക് കുറുകെ തിരുനാവായ - തവനൂർ പാലത്തിന്റെ അലൈൻമെന്റിൽ മാറ്റം വരുത്തണമെന്ന ഡോ.ഇ.ശ്രീധരന്റെ പരാമർശം (3) പ്രകാരമുള്ള അപേക്ഷ നിരസിച്ചുകൊണ്ടും, അപ്രകാരം പരാമർശം (4) പ്രകാരമുള്ള ബഹു.ഹൈക്കോടതി വിധിന്യായം പാലിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

ഡോ.ഇ.ശ്രീധരൻ , പെരുമ്പായിൽ ഹൗസ് , കുറ്റിക്കാട് റോഡ്, പൊന്നാനി പി.ഒ.

മലപ്പുറം - 679577

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആവരണകത്ത് സഹിതം)

മാനേജിംഗ് ഡയറക്ടർ, ആർ.ബി.ഡി.സി.കെ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ് (എ&ഇ),കേരള

ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ),ഐ&.പി.ആർ.ഡി

കരുതൽ ഫയൽ /ഡി1/212/2025/PWD

ഉത്തരവിൻ പ്രകാരം

Signed by

Chithra G S

Date: 30-06-2025 11:54:49

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു,പൊതുമരാമത്ത് മന്ത്രിയുടെ പി.എസ്.ന്

പൊതുമരാമത്ത് സെക്രട്ടറിയുടെ സി.എയ്ക്ക്